THATCHING OF GOVERNMENT PRIMARY SCHOOLS

*647 [9] **Sri. .N. P. Varghese :** Will the Hon'ble Minister for Education be pleased to state.—

the average expenditure for thatching and maintenance for a Government Primary school every year?

Sri. Panampilli Govinda Menon : Nearly Rs. 175.

ശ്രീ. എൻ. പി. വറുഗീസ് : ഓട മേയണമെങ്കിൽ എന്തു് ചെലവു് വരും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇന്നത്തെ ഓടിന്റെ നിരക്കെന്താണെന്നറിഞ്ഞു കൂടാ.

ശ്രീ. കെ. ആർ. ഇലങ്കത്തു് : പെമെർനൻറ് റൂഫിംഗ് ഇല്ലാതെ ഓലകെട്ടിക്കെണ്ടിരിക്കുന്ന വിദ്യാലയങ്ങളും എത്രയെണ്ണം ഉണ്ടു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിന്റെ കണക്കെടുത്തിട്ടില്ല.

ഡിനോമിനേഷൻ സ്കൂളുകൾ

*൩൫൨ (൧൦) ശ്രീ. എ. എൽ. ജേക്കബ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തെ ഡിനോമിനേഷൻ സ്കൂളുകൾ നിർത്തിക്കളയുവാൻ ആലോചനയുണ്ടോ?

(ബി) ഉണ്ടെങ്കിൽ സമർത്ഥമായ നടപടികളും ഉടൻ എടുക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :

(എ) ഉണ്ടു്.

(ബി) ഈ കാര്യം ഗവണ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണു്.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ : അടുത്ത സ്കൂൾവർഷാരംഭത്തിനു മുമ്പു് ഈ ഡിനോമിനേഷനൽ സ്കൂളുകൾ നിറുത്തിക്കളയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു നിർദ്ദേശം ഉണ്ടു്.

ശ്രീ. സബാസ്റ്റ്യൻതോപ്പിൽ : ഡിനോമിനേഷനൽ സ്കൂളുകൾ നിറുത്തിക്കളയുവാൻ നിർദ്ദേശം ഉണ്ടു്, എന്നാൽ അതു് അടുത്ത സ്കൂൾവർഷാരംഭത്തിനു മുമ്പുതന്നെ നിറുത്തുമോ എന്നാണു് ഞാൻ ചോദിച്ചതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെക്കുറിച്ചാലോചിച്ചു കൊണ്ടിരിക്കുകയാണു്.

FEES

*649. [11] **Sri. Alexander Vakayil :** Will the Hon'ble Minister for Education be pleased to state.—

(*a*) the rate of fees collected from the pupils in forms I and II in the Travancore Division :

(*b*) the rate of fees collected for the same classes in Cochin Division ; and

(*c*) does the Government know that teachers in private secondary schools ultimately suffer due to this reduction of fees in these classes ?

Sri. Panampilli Govinda Menon : (*a*) Tuition fees at the rate of Rs. 12 per pupil per annum in eight instalments.

(*b*) Tuition fees at the rate of Rs. 24 per annum in equal instalments.

(*c*) Yes. In some cases in Travancore area.

ശ്രീ. അലക്സാണ്ടർ വാകയിൽ : സർ, തിരുവിതാംകൂർ ഭാഗം സ്കൂളുകളിലെ ഫീസു കുറച്ചിട്ടു എത്ര കാലമായി?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly